# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2863 — 10/05/2017 ന് മറുപടി നൽകേണ്ടിയിരുന്നത്

## സ്ഥിരപ്പെടുത്തിയ ജീവനക്കാരെ പിരിച്ചുവിട്ട നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനിൽ അക്കര | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| എ) | മുൻ സർക്കാരിന്റെ കാലത്ത് സ്ഥിരപ്പെടുത്തിയ ഏതെങ്കിലും വിഭാഗത്തിലുള്ള ജീവനക്കാരെ ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പിരിച്ചു വിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | എ)& ബി) | ഉണ്ട്. മുൻ സർക്കാരിന്റെ കാലത്ത പൊതു ഭരണ സെക്രട്ടേറിയറ്റിൽ സെക്യൂരിറ്റി ഗാർഡായി സ്ഥിരപ്പെടുത്തിയ ചുവടെ പറയുന്ന 6 ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്.<br><br>1. ശ്രീ. എ. ഉദയകുമാർ<br>2. ശ്രീ. ടി. ശിവൻ<br>3. ശ്രീ. വി. ബാലഗോപാലൻ<br>4. ശ്രീ. എ. പി. ശൈലേന്ദ്രകുമാർ<br>5. ശ്രീ. സി. മുരുഗൻ<br>6. ശ്രീ. എ. ഗോപകുമാരൻ നായർ |
| ബി) | സെക്രട്ടേറിയറ്റിലെ സുരക്ഷാ വിഭാഗത്തിലെ ജീവനക്കാരെ ആരെയെങ്കിലും ഈ സർക്കാർ പിരിച്ചുവിട്ടിട്ടുണ്ടോ; | | |
| സി) | എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് വഴി നിയമിതരായ പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് റദ്ദ് ചെയ്ത് അവരെ ജോലിയിൽ നിന്നും പിരിച്ചുവിട്ടത് എന്തടിസ്ഥാനത്തിലായിരുന്നുവെന്ന് വെളിപ്പെടുത്താമോ | സി) | പൊതു ഭരണ സെക്രട്ടേറിയറ്റിൽ സെക്യൂരിറ്റി ഗാർഡുമാരുടെ നിയമനം നടത്തുന്നതിനായുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ റാങ്ക് ലിസ്റ്റ് നിലനിന്നിരുന്ന കാലയളവിലാണ് മുൻ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 07-12-2015 ലെ G.O.(MS) No.313/2015/GAD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കി വന്ന 6 സെക്യൂരിറ്റി ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുള്ളത്. ടി. നിയമനവുമായി ബന്ധപെട്ട PSC റാങ്ക് ലിസ്റ്റിൽ നിന്നുള്ളവർ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പുനഃ പരിശോധിക്കാൻ തീരുമാനിച്ചു. ഒരു തസ്തികയിലേയ്ക്ക് നിയമനം നടത്തേണ്ടത് ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ/ എക്സിക്യൂട്ടീവ് |

| | | | | |
|---|---|---|---|---|
| | | | | ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിയമന രീതിയിൽ കൂടിയായിരിക്കണം. കേരള പബ്ലിക് സർവീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച സെക്യൂരിറ്റി ഗാർഡു-മാരുടെ റാങ്ക് ലിസ്റ്റ് നിലനിൽക്കെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നികത്തേണ്ട തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുന്നവരെ സ്ഥിരപ്പെടുത്താൻ ചട്ടങ്ങൾ അനുവദിക്കുന്നില്ല. ഇപ്രകാരം ജീവനക്കാരെ സ്ഥിരപ്പെടുത്തിയ നടപടി 10-04-2006-ലെ സ്റ്റേറ്റ് ഓഫ് കർണ്ണാടക vs ഉമാദേവി എന്ന കേസിലെ സുപ്രീം കോടതിയുടെ വിധിയുടെ അന്തസത്തയ്ക്ക് വിരുദ്ധമാണ്. ആയതിനാൽ അപ്രകാരമുള്ള നിയമനങ്ങൾ സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾ ലംഘിച്ചുള്ള പുറംവാതിൽ നിയമനമായി മാത്രമേ കണക്കാക്കാൻ പറ്റുകയുള്ളൂ. ഇതിന്റെ അടിസ്ഥാനത്തിലാണ് 21-03-2017 ലെ സ.ഉ. (എം.എസ്.) നമ്പർ: 112/2017/ പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആറു സെക്യൂരിറ്റി ജീവനക്കാരെ പൊതു ഭരണ വകുപ്പിൽ നിന്നും പിരിച്ചുവിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ